പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 119

08.2.2016-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിന് ചെലവഴിച്ച തുകയും വകയിരുത്തിയ തുകയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.അയിഷാ പോറ്റി : | ശ്രീ.ഉമ്മൻചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും എക്സൈസ് വകുപ്പിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര ; അവഏതൊക്കെയാണ് ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ; | (എ) 2013-2014 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ 412-ാം നമ്പർ പ്രഖ്യാപനമായ വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കാസറഗോഡ് ജില്ലകളിൽ കൂടി വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നതാണ് എന്ന പ്രഖ്യാപനത്തിൻമേൽ ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. |
| (ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി എക്സൈസ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും, അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും | (ബി) എക്സൈസ് വകുപ്പിന് പദ്ധതി ഫണ്ട് ആദ്യമായി അനുവദിച്ചത് 2012-2013 സാമ്പത്തിക വർഷത്തിലാണ്. |

ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ് ; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ച ട്രഷറി അക്കൗണ്ടിൽ ബാക്കി നില്പുള്ള തുക എത്ര ;

**2012-2013**

വകയിരുത്തപ്പെട്ട പദ്ധതി തുക - 1,37,00,000 രൂപ

ചെലവഴിച്ച തുക - 59,60,958 രൂപ

ചെലവഴിക്കാൻ കഴിയാതിരുന്ന തുക - 77,39,042 രൂപ

പിൻവലിക്കൽ ശതമാനം - 43.51%

**2013-2014**

വകയിരുത്തപ്പെട്ട പദ്ധതി തുക - 1,90,00,000 രൂപ

ചെലവഴിച്ച തുക - 78,51,712 രൂപ

ചെലവഴിക്കാൻ കഴിയാതിരുന്ന തുക - 1,11,48,288 രൂപ

പിൻവലിക്കൽ ശതമാനം - 41.32%

**2014-2015**

വകയിരുത്തപ്പെട്ട പദ്ധതി തുക - 3,25,00,000 രൂപ

ചെലവഴിച്ച തുക - 3,11,62,508 രൂപ

ചെലവഴിക്കാൻ കഴിയാതിരുന്ന തുക - 13,37,492 രൂപ

പിൻവലിക്കൽ ശതമാനം - 95.88%

**2015-16 (31.01.2016 വരെ)**

വകയിരുത്തപ്പെട്ട പദ്ധതി തുക - 3,50,00,000 രൂപ

ചെലവഴിച്ച തുക - 92,20,839 രൂപ

ചെലവഴിക്കാൻ കഴിയാതിരുന്ന തുക - 2,57,79,161 രൂപ

പിൻവലിക്കൽ ശതമാനം - 26.7%

എക്സൈസ് വകുപ്പിൽ ട്രഷറി അക്കൗണ്ടിൽ ഒരു തുകയും നിക്ഷേപിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു വിശദമാക്കാമോ? | (സി) | 31.03.2015-ലെ G.O (Rt) No.3646/2015/Fin നമ്പർ ഉത്തരവ് പ്രകാരം റീ അപ്രോപ്രിയേഷൻ വഴി 2014-2015 കാലയളവിൽ 2039-00-001-91-വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 2039-00-800-96-എക്സൈസ് അക്കാദമിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ വഴി 1,00,00,000/- രൂപ വകമാറ്റി ചെലവഴിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ.